**അടിയന്തിരാവസ്ഥ തടവുകാരെ രാഷ്ട്രീയ തടവുകാരായി അംഗീകരിക്കാൻ കോൺഗ്രസ്സ് ഗവൺമെന്റിന് കഴിഞ്ഞാൽ അത് മഹത്തായ തീരുമാനമായിരിക്കുമെന്ന് പി.കെ. കിട്ടൻ**

# അടിയന്തിരാവസ്ഥയ്ക്ക് സാധ്യതയില്ല

**1.** എല്ലാ പരിമിതികൾക്കിടയിലും ഇന്ത്യൻ ജനാധിപത്യം താരതമ്യേന ഭേദപ്പെട്ടതാണ്. ജനാധിപത്യ പ്രക്രിയയിലൂടെതന്നെ അടിയന്തിരാവസ്ഥയെ മറികടക്കാനും നമുക്ക് കഴിഞ്ഞു.

**2.** അല്ല. ഇന്ദിരാഗാന്ധിയെന്ന വ്യക്തിയുടെ ജനാധിപത്യ ബോധത്തിലുണ്ടായ വലിയ ഒരു അപഭ്രംശമായിരുന്നു അടിയന്തിരാവസ്ഥ.

**3.** ഇല്ല. അന്ന്, അടിയന്തിരാവസ്ഥയോടുള്ള ജനവികാരം മനസ്സിലാക്കുന്നതിൽ സംഭവിച്ച പരാജയമാണ് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ കാരണമായത്. പക്ഷെ, അടിയന്തിരാവസ്ഥ അനിശ്ചിതമായി നീട്ടികൊണ്ടുപോകാൻ ഇന്ത്യൻ അവസ്ഥയിൽ കഴിയുമായിരുന്നില്ല.

**4.** ഉണ്ട്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം തെറ്റിദ്ധാരണമൂലമായിരുന്നു. ഇന്ദിരാഗാന്ധിക്ക് പറ്റിയ അബദ്ധമായിരുന്നുവെങ്കിലും തെരഞ്ഞെടുപ്പിലെ ജനവിധി, സ്വേഛാധിപത്യത്തിനെതിരായ പോരാട്ടങ്ങളുടെ ഫലമായിരുന്നു.

**5.** ഇനിയും ഒരടിയന്തിരാവസ്ഥ ഇന്ത്യയിൽസംഭവിക്കാൻ സാധ്യതയില്ല.

**6.** ഇല്ല. മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ ജനാധിപത്യ സമ്പ്രദായത്തിന് ഒട്ടും യോജിച്ചതല്ല. ഈ പ്രശ്നങ്ങൾക്കെതിരെ ജനാധിപത്യവാദികളുടെ ഏകോപിച്ച പ്രചരണങ്ങളും ചെറുത്തുനിൽപുകളും ഇല്ലാത്തതാണ് കാരണം. ദേശരക്ഷയുടെ പേരിൽ, ഇത്തരം പ്രശ്നങ്ങളിൽ സത്യം പുറത്തു പറയാൻ പാടില്ലെന്ന ഭരണകൂടത്തിന്റെ പ്രചരണത്തിൽ മറ്റുകക്ഷികളും സംഘടനകളും വ്യക്തികളും വീണുപോവുകയാണ്.

**7.** കേരളത്തിൽ അടിയന്തിരാവസ്ഥാ തടവുകാരെ രണ്ടാം സ്വാതന്ത്ര്യസമരപോരാളികളായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകാനുള്ള ഉത്തരവാദിത്വം ഇടതുപക്ഷത്തിനായിരുന്നു. ആർ.എസ്.എസ്സുകാർക്കും നക്സലൈറ്റുകൾക്കുമാണ് കൂടുതൽ പെൻഷൻ നൽകേണ്ടി വരികയെന്ന സങ്കുചിത ചിന്തയാണ് അവരെ പിന്തിരിപ്പിച്ചതെന്ന് തോന്നുന്നു. ഈ ആവശ്യത്തിന് വേണ്ടി പ്രധാനമായും രംഗത്തുവന്നത് മുൻ നക്സലൈറ്റ് വിഭാഗമാണ്. ബന്ധപ്പെട്ട എല്ലാവരേയും യോജിപ്പിക്കാനുള്ള ശ്രമം അവരിൽ നിന്നും ഉണ്ടായില്ല. രാഷ്ട്രീയ തടവുകാരായി അംഗീകരിക്കാൻ കോൺഗ്രസ്സ് ഗവൺമെന്റിന് കഴിഞ്ഞാൽ അത് മഹത്തായ തീരുമാനമായിരിക്കും, പ്രായശ്ചിത്തവുമാകും. പക്ഷെ, സാധ്യതയില്ല.

*(സാംസ്കാരിക പ്രവർത്തകൻ, പ്രസ്സ് ഉടമ)*

---

ടാഡ പോലുള്ള നിയമങ്ങളും മാവോയിസത്തെ ചൂണ്ടിക്കാട്ടിയുള്ള സാൽവാജൂദും പോലുള്ള പ്രവർത്തനങ്ങളുമൊക്കെ ചെറിയ ചെറിയ അടിയന്തിരാവസ്ഥകൾ തന്നെയാണ്.

**അനുബന്ധം:** അനുബന്ധമായി എന്റെ ഗ്രാമത്തിലെ ഒരു അടിയന്തിരാവസ്ഥ അനുഭവം ചേർക്കുന്നു. വയനാട്ടിലെ ഉൾനാടൻ ഗ്രാമപ്രദേശമാണെന്റേത്. കോളിയാടിയെന്ന് കുടിയേറ്റക്കാരും കോളിവാടിയെന്ന് ആദിവാസികളും വിളിക്കുന്ന സ്ഥലം. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ എനിക്ക് പന്ത്രണ്ടു വയസ്സ്. ഞങ്ങളുടെ തൊട്ടടുത്ത പ്രദേശമാണ് ചെറുവാട്. അവിടത്തെ ഗവൺമെന്റ് പ്രാഥമിക വിദ്യാലയത്തിലെ അധ്യാപകനായിരുന്നു അക്കാലത്ത് സിവിക് ചന്ദ്രൻ. മെലിഞ്ഞ് പൊക്കെ കുറഞ്ഞ് അതി സുന്ദരമായ മുഖമുള്ള കുട്ടൻമാഷ് കോളിയാടി അങ്ങാടിയിലെ പവിത്രന്റെ ബാർബർ ഷോപ്പിലിരുന്ന് അസ്തിത്വവാദത്തെക്കുറിച്ച് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ സിവിക്കിലൂടെയാണെന്ന് തോന്നുന്നു നക്സലൈറ്റ് പ്രസ്ഥാനം കോളിയാടിയിലെത്തിയത്. കെ. വേണുവൊക്കെ അന്ന് കോളിയാടിയിൽ ഒരു വീട്ടിൽ രഹസ്യമായി താമസിച്ചിരുന്നുപോലും. എന്തായാലും എന്റെ അധ്യാപകരായ കരുണാകരൻമാഷും, പൗലോസ് മാഷും, ചെറുമാടുള്ള രണ്ട് മത്തായിമാർ, കെ.എസ്.വൈ.എഫ് നേതാവ് കെ.എ. സുഗതൻ തുടങ്ങിയവർ കരുതൽ തടങ്കലിലായി.

അടിയന്തിരാവസ്ഥ കഴിഞ്ഞപ്പോൾ മോചിപ്പിക്കപ്പെട്ട അവരിൽ സുഗതൻ വീണ്ടും പൊലീസ് സ്റ്റേഷനിൽ ചെല്ലേണ്ട ദിവസത്തിന് തലേ രാത്രിയിൽ ആത്മഹത്യ ചെയ്തു. അടിയന്തിരാവസ്ഥയിലെ പൊലീസ് പീഡനവും ജയിൽവാസവും കൊണ്ട് മരിച്ച സുഗതനെ രക്തസാക്ഷിയെന്നാരും വിളിച്ചില്ല. മേൽപറഞ്ഞ കാര്യംകൊണ്ടല്ലാതെ ആത്മഹത്യ ചെയ്യേണ്ടുന്ന ഒരവസ്ഥയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇന്നും സുഗതനൊരു സ്മാരകംപോലും ഉണ്ടായിട്ടില്ല. (സഖാവ് വർഗീസിന്റെ സ്മാരകവും ട്രസ്റ്റും അനുബന്ധ നാടകങ്ങളും കാണുമ്പോൾ അത് നന്നായെന്നും തോന്നാറുണ്ട്.) അദ്ദേഹത്തിന്റെ സഖാക്കളും പിൻമുറക്കാരുമൊന്നും പിന്നീടൊരിക്കലും അങ്ങനെയൊരാളുണ്ടായിരുന്നതായി ഓർത്തതായും അറിവില്ല. അറിയപ്പെട്ടവരേക്കാൾ പതിന്മടങ്ങ് പീഡിതർ അറിയപ്പെടാത്തവരായുണ്ടായിരുന്നു അടിയന്തിരാവസ്ഥയിൽ. *(അധ്യാപകൻ)*